**No. CEE/4012/PGM-2017/TA3**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2017

## ഓൺലൈൻ ഓപ്ഷനുകൾ സ്വീകരിക്കുന്നു.

2017–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **04.04.2017** (ചൊവ്വാഴ്ച) ആരംഭിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ജനറൽ വിഭാഗത്തിലെയും സർവ്വീസ് വിഭാഗങ്ങളിലെയും റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ അപേക്ഷാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഓൺലൈനായി നൽകാവുന്നതാണ്.

ഓപ്ഷൻ നൽകുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ വെബ്സൈറ്റിലെ **'PGMedical2017-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. അതിനുശേഷം ഹോം പേജിലെ '**Option Registration**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **04.04.2017** മുതൽ **12.04.2017 വൈകുന്നേരം 3 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

കോളേജുകൾ, കോഴ്സുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ്പ്ലൈൻ നമ്പറുകൾ: (0471) 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03.04.2017